LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

321 (1019) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിൽ ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി കൂടാതെ ഏതെങ്കിലും ടൂറിസം പദ്ധതികൾ സംസ്ഥാന സർക്കാരിൽനിന്നോ, കേന്ദ്ര സർക്കാരിൽനിന്നോ അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രദേശത്തേയ്ക്കായി കേന്ദ്രസർക്കാരിലേക്ക് ഏതെങ്കിലും പദ്ധതികൾ ഡി.പി.ആർ. അടക്കം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ഏത് സ്ഥലത്താണ് അത് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. മറൈൻ മ്യൂസിയം, ബിയ്യം കായൽ എന്നീ പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) ഇല്ല.

ധർമ്മടം നിയോജക മണ്ഡലത്തിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ

322 (1020) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും ; പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളും ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകമായി വിശദമാക്കാമോ ?